# പ്രൊലോഗ്

# ക്രിസ്തുവിന്റെ സഭ സ്ഥാപിച്ചത് എങ്ങനെ?

ഒന്നും തിരഞ്ഞെടുക്കാതെയാണ് യേശു തന്റെ ഭൗമിക ജീവിതം നയിച്ചതു എന്ന പ്രത്യേകത അവന്റെ ജീവിതത്തിൽ നമുക്കു കാണാം. അവൻ സ്ഥലം വാങ്ങിക്കുന്നതോ, കെട്ടിടം പണിയുന്നതോ, പുതുക്കി പണിയുന്നതോ പുതിയ നിയമത്തിൽ നാം വായിക്കുന്നില്ല അവൻ, വസ്ത്രമോ, സാധനമോ, ആഹാരം പോലും വാങ്ങുന്നതായി തിരുവെഴുത്തു പഠിപ്പിക്കുന്നില്ല. അതേ സമയം ലോകത്തിൽ ഒരു പൗരനായി, ജീവിച്ചു. അവൻ ലോകത്തുണ്ടായിരുന്നു പക്ഷെ ലോകം അവനിൽ ആയിരുന്നില്ല. അവൻ ലോകത്തിൽ അതിന്റെ ഭാഗമായി ജീവിച്ചു. ഒരു പക്ഷെ അവനിൽ ജീവിക്കുവാൻ അവൻ അനുവദിച്ചില്ല. അവൻ ഇവിടെ ജീവിക്കുമ്പോൾ അന്യദേശത്ത് എന്ന പോലെ, അവൻ പരദേശിയായിരുന്നു, ഒരു തീർത്ഥാടകനെപ്പോലെ അവന്റെ ബന്ധവും ജീവിതവും മറ്റൊരു ലോകത്തിലേതായിരുന്നു.

"എന്റെ" എന്റേത് എന്ന പൊസസീവു പ്രോനൗൺ ക്രിസ്തു ഒരിക്കലും ഉപയോഗിച്ചിട്ടില്ല. "എന്റെ ശിഷ്യൻമാർ" എന്നു അവൻ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 8:31), "എന്റെ പിതാവു" (മത്തായി 26:39), "എന്റെ ശരീരം" (മത്തായി 26:26), "എന്റെ രക്തം" (മത്തായി 26:28), "എന്റെ വാക്കുകൾ" (ലൂക്കൊസ് 6:47), "എന്റെ സഭ" (മത്തായി 16:18). എന്നെല്ലാം പറഞ്ഞിട്ടുണ്ട്. തന്റെ ശരീരം, രക്തം, വാക്കുകൾ വ്യക്തിപരമായ ഉദ്ദേശം വെച്ചു കൊണ്ടല്ല, മറിച്ചു ആത്മീയ അർത്ഥത്തിലാണ് പറഞ്ഞത്.

സുവിശേഷങ്ങൾ നോക്കിയാൽ ക്രിസ്തു തന്റെ ഭൗമിക ശുശ്രൂഷ ഒരു പ്രസ്ഥാനത്തിന്റെ അനുയായികൾക്കു വിട്ടിരുന്നു. അതു അവന്റെ ഭൗതിക കെട്ടിടമോ അല്ല (മത്തായി 16:18). തന്റെ ശുശ്രൂഷ അവൻ ആരംഭിച്ചതു ദൈവ രാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിച്ചു കൊണ്ടായിരുന്നു (മത്തായി 4:17), ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചുകൊണ്ടാണ് അത് അവസാനിപ്പിച്ചത് (പ്രവർത്തികൾ 1:3). താൻ സ്ഥാപിച്ചതായ സഭയാണ് ദൈവരാജ്യം എന്നവർ സൂചിപ്പിച്ചു അങ്ങനെ ആ അർത്ഥത്തിൽ, അവൻ ദൈവരാജ്യത്തെ സൂചിപ്പിച്ചു. അങ്ങനെ

ആ അർത്ഥത്തിൽ, അവൻ ദൈവരാജ്യത്തെ തന്റെ സഭയോടു തുല്യമായി (മത്തായി 16:16–18) പറഞ്ഞു.

സഭ എന്ന ഏകസമ്പാദ്യമേ ക്രിസ്തു അവകാശമാക്കുവാൻ ആഗ്രഹിച്ചുള്ളൂ എന്നതിനാൽ, തന്റെ പിന്നിൽ വിട്ടുപോയതും അതു മാത്രമായിരുന്നു. കാരണം അവനു പ്രാധാന്യമായുള്ളതു സഭയാണ്, നമുക്കും അതാകണം. സഭയായിത്തീരുക, സഭയായി ജീവിക്കുക, എന്നതായിരിക്കണം നമ്മുടെ മുഖ്യ ആഗ്രഹം.

ഇതിന്റെ എല്ലാം വെളിച്ചത്തിൽ, "എങ്ങനെ അവന്റെ സഭയിൽ പ്രവേശിക്കുകയും സഭയായി ജീവിക്കുകയും ചെയ്യാം" എന്ന ചോദ്യം ഉയരുന്നു. ആരംഭത്തിൽ ക്രിസ്തു എങ്ങനെ സഭ ആരംഭിച്ചു എന്നു നമുക്ക് ആ ചോദ്യത്തിനു ഉത്തരം നല്കും. ക്രിസ്തു വാസ്തവത്തിൽ എങ്ങനെ സഭ ആരംഭിച്ചു എന്നു നാം മനസ്സിലാക്കിയാൽ, ഇപ്പോൾ സഭ ഇല്ലാത്ത പ്രദേശങ്ങളിൽ നമുക്കു സഭ സ്ഥാപിക്കുവാൻ കഴിയും എന്നു ബോധ്യമാകും, കൂടാതെ നാം എവിടെയായാലും നമുക്കു വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കാം.

അവൻ ചെയ്ത വാഗ്ദാന പ്രകാരം, തന്റെ ഉയർത്തെഴുന്നേല്പിനു ശേഷമുള്ള പെന്തെക്കൊസ്തു നാളിൽ അവൻ തന്റെ സഭ സ്ഥാപിച്ചു (മത്തായി 16:18; പ്രവൃത്തികൾ 2). അവൻ എങ്ങനെ അതു ചെയ്തു.

### സുവിശേഷ പ്രസംഗത്താൽ

സഭ സ്ഥാപിക്കുവാനുള്ള യേശുവിന്റെ ആദ്യത്തെ പടി സുവിശേഷം പ്രസംഗിക്കൽ ആയിരുന്നു. പെന്തെക്കൊസ്തു നാളിൽ ഒരുമിച്ചു കൂടിയിരുന്നവരായ യെഹൂദന്മാരോട് പരസ്യമായി ദൈവത്തിന്റെ കൃപയാൽ "സുവിശേഷം" അഥവാ സുവാർത്ത ഘോഷിക്കപ്പെട്ടു.

അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പകരുന്നതോടെയാണ് ആ ചരിത്ര ദിവസം ആരംഭിക്കുന്നത് (പ്രവൃത്തികൾ 1:4, 5; 2:1–4). ആ പകരൽ യേശുക്രിസ്തു വാഗ്ദാനം ചെയ്യുകയും, അന്നു അതു നിറവേറ്റുകയും ചെയ്തു (പ്രവർത്തികൾ 2:6–8, 11). പിന്നെ ക്രിസ്തു നല്കിയ വാഗ്ദാനത്തിന്റെ ഒരു ഭാഗം നിറവേറ്റി (മത്തായി 16:19), ക്രിസ്തുവിന്റെ ദൈവികത്വത്തെക്കുറിച്ചു പാലൊസ് ദീർഘകാല പ്രസംഗം നടത്തി (പ്രവൃത്തികൾ 2:14–36, 40).

പ്രസംഗത്തിന്റെ മുഖവുരയായി പത്രൊസ്, അന്നു സംഭവിച്ചത് യോവേൽ പ്രവാചകൻ പ്രവർത്തിച്ചതു നിറവേറുന്നതായിട്ടായിരുന്നു മുഖ്യമായും കാണിച്ചുകൊടുത്തതു (പ്രവൃത്തികൾ 2:15–21). തന്റെ വീര പ്രവൃത്തികളാൽ താൻ കർത്താവും ക്രിസ്തുവുമെന്നു എങ്ങനെ തെളിയിച്ചു എന്നതായിരുന്നു പ്രസംഗ വിഷയം (പ്രവൃത്തികൾ 2:22). അവന്റെ ഉയർത്തെഴുന്നേൽപ്പ് (പ്രവൃത്തികൾ 2:24), അവന്റെ പ്രവചന നിവർത്തിയാലും (പ്രവൃത്തികൾ 2:25–31, 34, 35), സാക്ഷികളാലും (പ്രവൃത്തികൾ 2:32), പരിശുദ്ധാത്മാവു ഇറങ്ങി വന്നതിനാലും (പ്രവൃത്തികൾ 2:33) കർത്താവും ക്രിസ്തുവുമായി തീർന്നു എന്നു തെളിയിച്ചു. പത്രൊസ് തന്റെ പ്രസംഗം അവസാനിപ്പിച്ചതു, "ആകയാൽ നിങ്ങൾ ക്രൂശിച്ച യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും

ആക്കിവെച്ചിരിക്കുന്നു എന്നു യിസ്രായേൽ ഗൃഹം മുഴുവനും അറിഞ്ഞു കൊള്ളട്ടെ" എന്നു പറഞ്ഞുകൊണ്ടാണ് (പ്രവൃത്തികൾ 2:36).

ആ പെന്തെക്കൊസ്തു നാളിൽ, ലോകത്തിന്റെ കണ്ണ് ഒരു പക്ഷെ റോമാ ചക്രവർത്തിയുടെ പ്രവൃത്തികളിൽ ആയിരിക്കാം എന്നാൽ സ്വർഗ്ഗത്തിന്റെ കാഴ്ച്ചപ്പാടിൽ യേരുശലേമിൽ സംഭവിച്ചത് ഏറ്റവും നിർണ്ണായക നിമിഷങ്ങളായിരുന്നു. സുവിശേഷം ആദ്യമായി പ്രസംഗിക്കപ്പെട്ടു ദൈവത്തിന്റെ പദ്ധതികൾ എല്ലാം പഴയനിയമകാലത്തിലെ പ്രവചനങ്ങൾ എല്ലാം ക്രിസ്തുവിന്റെ ഭൂമിയിലെ ജീവിതത്തിന്റെ എല്ലാ ഒരുക്കങ്ങളും ഉൾപ്പെട്ടതും, ചേർന്നതും, സംയോജിപ്പിച്ചതും ആയിരുന്നു ദൈവകൃപയുടെ പ്രസംഗം. പുതിയ നിയമം പ്രാബല്യത്തിൽ വരികയും സുവിശേഷം അതിന്റെ പൂർണ്ണതയോടെ യാഥാർത്ഥ്യമാക്കുകയും ചെയ്തു.

ആ സന്ദേശം പിശാചിനെയും അവന്റെ ദൂതൻമാരെയും വിറപ്പിക്കുകയും സ്വർഗ്ഗം സന്തോഷിക്കുകയും ചെയ്തു. തന്റെ സുവിശേഷ പ്രസംഗത്താൽ ക്രിസ്തു തന്റെ സഭ നിലവിൽ വരുമാറാക്കി, ആ സമയം മുതൽ ലോകമെങ്ങും അതേ സന്ദേശം പ്രസംഗിക്കയും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു വരുന്നു.

താഴെ കൊടുത്തിരിക്കുന്ന രംഗം മനസ്സിൽ ഊഹിച്ചുകൊണ്ടു സുവിശേഷം പ്രസംഗിക്കുന്നതിന്റെ പ്രാധാന്യം ചിന്തിക്കുക. മതപരമല്ലാതെ ജീവിച്ച ഒരു മനുഷ്യൻ ദൈവത്തിന്റെ ന്യായ വിസ്താരത്തിൽ അവന്റെ സിംഹാസനത്തിന്റെ മുൻപിൽ നില്ക്കുന്നു. അയാൾ ഒരിക്കലും കർത്താവിന്റെ ഹിതം അന്വേഷിച്ചിട്ടില്ല, ഒരിക്കലും ആരാധിച്ചിട്ടില്ല ക്രിസ്തീയജീവിതം ആരംഭിക്കുവാൻ ശ്രമിച്ചിട്ടുപോലുമില്ല. തനിക്കു ദൈവത്തോടു ഒരു കാര്യവുമില്ലാതെ, തന്റെ ജോലിയിലും ചില ഉത്സാഹങ്ങളിലും കഴിച്ചുകൂട്ടി, കുട്ടികളെയും കുടുംബത്തെയും പുലർത്തി, താൻ ജീവിച്ച സമൂഹത്തിൽ അങ്ങനെയായിരുന്നു അയാൾ. അവൻ ദൈവമുൻപാകെ നിന്നപ്പോൾ ദൈവം പറഞ്ഞു, "നിന്റെ ജീവിതത്തിൽ ഒരിക്കൽ നീ ഭൂമിയിൽ എന്റെ പ്രവൃത്തി മാറ്റി മറിച്ചു" ആ മനുഷ്യനു ഇതു കേട്ടപ്പോൾ ആശ്ചര്യമുണ്ടായി. അവൻ മറുപടി പറഞ്ഞു. "കർത്താവേ ഞാൻ മതപരമായല്ല ജീവിച്ചത് എന്നു അങ്ങു അറിയുന്നില്ലേ? എന്റെ ജീവിതത്തിൽ ഞാൻ വളരെക്കുറച്ചു ആരാധനയ്ക്കു മാത്രം പോയിട്ടുണ്ട്, പക്ഷെ അന്നൊന്നും ആരാധിച്ചിരുന്നില്ല, എന്റെ ജീവിതം സ്വാർത്ഥവും, എന്റെ പ്ലാനും പദ്ധതിയുമായി മാത്രം ജീവിച്ചു. നിനക്കു വേണ്ടി എപ്പോഴെങ്കിലും പ്രവർത്തിച്ചവനായി ഓർമ്മിക്കുന്നില്ല. എപ്പോഴാണ് ഞാൻ നിന്റെ പ്രവൃത്തിയിൽ വ്യത്യാസം വരുത്തിയത്?"

ദൈവം ആ മനുഷ്യനോടു പറയുന്നു, ടൗണിന്റെ മദ്ധ്യഭാഗത്തു ജംഗ്ഷനടുത്തുള്ള ബസ് - സ്റ്റോപ്പിനോടു ചേർന്നു നിങ്ങൾക്ക് ഒരു കടയുണ്ടായിരുന്നല്ലോ ഒരാൾ ഒരു ദിവസം വന്നു ഈ ടൗണിൽ ക്രിസ്തുവിന്റെ സഭ കൂടി വരുന്നത് എവിടെ എന്നു ചോദിച്ചപ്പോൾ, അതു എവിടെയാണെന്ന്, നിങ്ങൾ പറഞ്ഞുകൊടുത്തിരുന്നു. ആ മനു

ഷ്യൻ എന്റെ ഉപദേഷ്ടാക്കന്മാരിൽ ഒരാളായിരുന്നു. അയാൾ അന്നു രാവിലെ ആ പള്ളിയിൽ എന്റെ കൃപയുടെ സുവിശേഷം പ്രസംഗിക്കുവാൻ വന്നതായിരുന്നു, ശ്രദ്ധിക്കുകയും പ്രതികരിക്കുകയും ചെയ്തവരെയാണ് ഞാൻ രക്ഷിച്ചത്. നിങ്ങൾക്കു അത് അറിഞ്ഞുകൂടായിരുന്നു, ഭൂമിയിലെ എന്റെ പ്രവർത്തനത്തിനു നിങ്ങൾ ഒരു യോജിപ്പിക്കുന്ന കണ്ണിയായിരുന്നു, ലോകം ഏറ്റവും മുഖ്യമായി ചിന്തിക്കുന്നതു വാഷിങ്ടൺ ഡി.സി യിൽ എന്തു സംഭവിക്കുന്നു എന്നാണ്, അല്ലെങ്കിൽ ഏതെങ്കിലും ഒരു തലസ്ഥാന നഗരത്തിൽ സംഭവിക്കുന്നതാണ് ആളുകൾക്കു പ്രധാനം. എന്നാൽ ഒരു സഭാ കെട്ടിടത്തിൽ എന്റെ രക്ഷാ സന്ദേശം അറിയിക്കുന്നതാണ് ഏറ്റവും മുഖ്യ വിഷയം. ഒരു കൂട്ടം ആളുകളോടു എന്റെ ഉപദേഷ്ടാവിനു പ്രസംഗിക്കുവാനുള്ള അവസരം നിങ്ങൾ വഴി പറഞ്ഞു കൊടുത്തുകൊണ്ടു ഒരുക്കി. നിങ്ങൾ ചെയ്ത ഏറ്റവും വലിയ പ്രവൃത്തി അതായിരുന്നു.

പൗലൊസു എഴുതി, "ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയാത്തതു കൊണ്ടു ദൈവം പ്രസംഗത്തിന്റെ ഭോഷത്വത്താൽ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ ദൈവത്തിന്നു - പ്രസാദം തോന്നി" (1 കൊരിന്ത്യർ 1:21). പ്രവൃത്തികൾ 2 ലെ പത്രൊസിന്റെ പ്രസംഗം ക്രിസ്തുവിന്റെ അവസാന ഉടമ്പടിയായ പുതിയ നിയമം പ്രാബല്യത്തിൽ വരികയും ക്രിസ്തീയ യുഗം ആരംഭിക്കുകയും ചെയ്തു. "ബൈബിളിലെ ഹബ്ബ്" ആയി പ്രവൃത്തികൾ 2 നെ ഡോ. ജെയിംസ്. ഡി. ബെയിൽസ് പറയുകയുണ്ടായി; പ്രവൃത്തികൾ 2 നു മുൻപുള്ളതെല്ലാം മുൻപോട്ടും, പ്രവൃത്തികൾ 2നു ശേഷമുള്ളതെല്ലാം പിന്നിലേക്കും നോക്കുന്നു. യാതൊരു സംശയവുമില്ല, അതു ശരിയാണ്.

സുവിശേഷ പ്രസംഗത്തോടെയാണ് സഭയുടെ ആരംഭം. പത്രൊസ് പ്രസംഗിച്ച അതേ പ്രസംഗത്താലാണ് സഭയില്ലാത്ത സ്ഥലത്തു സഭ സ്ഥാപിക്കേണ്ടത്. ഒരു കൃഷിക്കാരനു മറ്റൊരു കൃഷിക്കാരനാകാൻ കൃഷി ചെയ്തെടുത്ത അതേ തക്കാളി കിട്ടണമെങ്കിൽ അതേ തക്കാളി വിത്തിന്റെ ചെടി തന്നെ നടണം. ക്രിസ്തു പണിത അതേ സഭ ഉണ്ടാക്കുവാൻ, ആരംഭത്തിൽ ക്രിസ്തുവിന്റെ സഭ ആരംഭിക്കുവാൻ പ്രസംഗിച്ച അതേ സുവിശേഷം പ്രസംഗിക്കണം.

### സുവിശേഷം അനുസരിക്കുന്നതിനാൽ

തന്റെ സഭ ആരംഭിക്കുന്നതിനു ക്രിസ്തുവിന്റെ രണ്ടാമത്തെ പടി സുവിശേഷം അനുസരിക്കലാണ്. പ്രസംഗിച്ച സുവിശേഷം ആളുകൾ അനുസരിച്ചില്ലായിരുന്നെങ്കിൽ അവന്റെ സഭ ഒരിക്കലും സ്ഥാപിക്കപ്പെടുമായിരുന്നില്ല.

യേശുവിനെ ദൈവം "കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു എന്നു സകല ഹൃദയങ്ങളും സ്വീകരിക്കണമെന്നതായിരുന്നു പ്രത്യേകമായി പത്രൊസ് തെളിയിച്ച പ്രസംഗത്തിന്റെ ഉപസംഹാരം" (പ്രവൃത്തികൾ 2:36). എന്തു ചെയ്യേണ്ടതു എന്നു ചോദിച്ചു (പ്രവൃത്തികൾ 2:37). ദൈവവചനത്താൽ അവരുടെ ഹൃദയങ്ങളിൽ "കുത്തുകൊണ്ടു" അല്ലെങ്കിൽ നുറുങ്ങപ്പെട്ടു; പ്രസംഗിച്ച വചനം മുഖാന്തരം

അവർ പരിശുദ്ധാത്മാവിൽ ബോധ്യപ്പെട്ടു. പത്രൊസ് തന്റെ പ്രസംഗ ചാതുര്യത്താൽ അവരുടെ കുറ്റം ബോധ്യമാക്കുകയായിരുന്നില്ല മറിച്ചു അവൻ സംസാരിച്ച വചനത്താൽ പ്രാണനെയും ആത്മാവിനെയും സന്ധി മജ്ജകളെയും വേറുവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതായിരുന്നു (എബ്രായർ 4:12).

മനസ്സാക്ഷിയിൽ കുത്തുകൊണ്ടു ഹൃദയം നുറുക്കി ഉച്ചത്തിൽ നിലവിളിച്ച യെഹൂദന്മാരോടു പത്രൊസ് ഇങ്ങനെ മറുപടി പറഞ്ഞു, "നിങ്ങൾ മാനസ്സാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38). തന്റെ അവസാന ദൗത്യത്തിൽ യേശു ഈ രക്ഷാ നിബന്ധനകൾ പറയുകയുണ്ടായി. വിശ്വാസം, മാനസ്സാന്തരം, സ്നാനം (മർക്കൊസ് 16:15, 16; ലൂക്കൊസ് 24:46, 47; മത്തായി 28:19, 20). അവരുടെ ചോദ്യത്തിനു മറുപടിയായി പത്രൊസ് അവരോടു വിശ്വസിക്കാൻ പറഞ്ഞില്ല കാരണം അവർ പ്രസംഗം കേട്ടതിനാൽ അവർക്കു വിശ്വാസം ജനിക്കുകയുണ്ടായി എന്നു വ്യക്തം. അവർക്കു ആവശ്യമായ രണ്ടു നിബന്ധനകൾ പത്രൊസ് പറഞ്ഞതു മാനസ്സാന്തരവും സ്നാനവും ആയിരുന്നു. അവർക്ക് ആ കല്പനകളോടു അനുസരിക്കുന്നതിലൂടെ അവർ ഉച്ചത്തിൽ നിലവിളിച്ചതനുസരിച്ചു ക്രിസ്തുവിന്റെ രക്തത്താൽ അവർക്കു പാപമോചനം ലഭിക്കുമാറായി. അപ്പോൾ, അവർ രക്ഷിക്കപ്പെട്ടവരായതുകൊണ്ട് അവർക്കു സ്വർഗ്ഗീയ ദാനമായ, പരിശുദ്ധാത്മ ദാനം ലഭിക്കും.

"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു എന്നാണ് ലൂക്കൊസ് രേഖപ്പെടുത്തിയത്" (പ്രവൃത്തികൾ 2:41). സഭയുടെ അടിസ്ഥാനത്തിൽ അപ്പൊസ്തലന്മാരെ വെച്ചിരുന്നു (എഫെസ്യർ 2:20). സുവിശേഷം അനുസരിച്ച ആ മൂവായിരം പേരും, ആത്മീയമായി അവർ ക്രിസ്തുവിനോടും അപ്പൊസ്തലന്മാരോടും ഒരുമിച്ചു പരിശുദ്ധാത്മാവിനാൽ സഭയുടെ അടിസ്ഥാനമായിതീർന്നു (1 കൊരിന്ത്യർ 3:11). അങ്ങനെ, സഭ ഉണ്ടായി, നിലവിൽ വന്നു. അന്നു മുതൽ ഇന്നു വരെ, ആരായാലും അന്നു മൂവായിരത്തോളം പേർ അനുസരിച്ച സുവിശേഷം അനുസരിച്ചാൽ, ആ വ്യക്തിയെ അതേ സഭയോടു ചേർക്കുന്നു, ആ സഭയുടെ ഉയർന്ന ചട്ടക്കൂട് അതേ അടിസ്ഥാനങ്ങൾ തന്നെ. അതായതു യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും അടിസ്ഥാനത്തിൽ പണിയുന്നു.

1993 മേയ് മാസത്തിൽ, ഇരുപത്തി രണ്ടു ക്രിസ്ത്യാനികൾ ക്രിസ്തുവിനു വേണ്ടിയുള്ള ഒരു യോഗത്തിൽ പങ്കെടുത്തു. അവിടെ കർത്താവിന്റെ സഭ ആരംഭിക്കുകയായിരുന്നു. ഞങ്ങൾ വ്യക്തിപരമായ ഉപദേശവും, ടെലിവിഷൻ പ്രസംഗവും, രാത്രി പൊതുപ്രസംഗവും ഒരു ഹാളിൽ നടത്തി. ഞങ്ങളുടെ പ്രസംഗത്തിലെ ഉപദേശം എല്ലാം പെന്തെക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ച അതേ സുവിശേഷമായിരുന്നു. പത്രൊസ് പ്രസംഗിച്ചതുപോലെ വിശ്വാസവും മാനസ്സാന്തരവും സ്നാനവും ആണ് പ്രസംഗിച്ചത്. പത്തു ദിവസം നീണ്ടയോഗത്തിൽ, 122 പേർ ക്രിസ്ത്യാനികൾ ആകുവാൻ താല്പര്യം ജനിപ്പിച്ചു. ഒരു

രാത്രിയിൽ മുപ്പത്തി രണ്ടു പേർ വന്നു. സ്നാനപ്പെടുവാൻ വന്ന എല്ലാവരോടും ഞങ്ങൾ ഊന്നി പറഞ്ഞതു അവർ സ്നാനമേല്ക്കുമ്പോൾ നാമധേയവിഭാഗത്തോടല്ല ചേരുന്നത്, മറിച്ചു ക്രിസ്തുവിന്റെ സുവിശേഷം, അവർ ആത്മാർത്ഥമായി അനുസരിക്കുന്നതിനാൽ പെന്തെക്കൊസ്തു നാളിൽ കർത്താവു സ്ഥാപിച്ച അതേ സഭയോടു, അവൻ ചേർക്കുകയാണ് ചെയ്യുന്നത്.

പുതിയ ക്രിസ്തുവിന്റെ സഭ ഒരു തിയേറ്ററിന്റെ രണ്ടാം നിലയിൽ വാടക മുറി നിറഞ്ഞു കവിഞ്ഞിരുന്നു. സുവിശേഷ പ്രസംഗം കേട്ടതിനാലും, ഒരുമിച്ചു പ്രാർത്ഥിച്ചതിനാലും, പാട്ടു പാടിയതിനാലും, കർത്തൃമേശയാൽ കർത്താവിന്റെ മരണത്തെ ആചരിച്ചതിനാലും നമ്മുടെ പ്രിയ കർത്താവു സ്ഥാപിച്ചതായി പ്രവൃത്തികൾ 2 ൽ രേഖപ്പെടുത്തിയ അതേ സഭയോടാണ് ആ 122 പേർ ചേർക്കപ്പെട്ടത്.

ഞങ്ങൾ, നല്ല ഉദ്ദേശത്തോടെ യോഗം നടത്തുകയും, ഉപദേശവും സുവിശേഷപ്രസംഗവും നടത്തി എങ്കിലും ആരും സുവിശേഷം അനുസരിച്ചില്ല എന്നു വിചാരിക്കുക. അപ്പോൾ ഡോണെസ്കിൽ സഭ സ്ഥാപിച്ചുവോ? ഉത്തരം വ്യക്തമാണ്, അല്ലേ? സഭ സ്ഥാപിച്ചിരിക്കയില്ല ഉദ്ദേശം നന്നായിരുന്നാലും, വിശദമായ ആവിഷ്കാരം ഉണ്ടായിരുന്നാലും, വ്യക്തിപരമായ സമർപ്പണം ഉണ്ടായിരുന്നാലും ആളുകൾ പുതിയ നിയമ സുവിശേഷം അനുസരിച്ചില്ലെങ്കിൽ സഭ സ്ഥാപിക്കുവാൻ സാധ്യമല്ല.

മൂവായിരത്തോളം പേർ സുവിശേഷം അനുസരിച്ചപ്പോഴാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. ഇന്നു സഭ ഇല്ലാത്ത സ്ഥലങ്ങളിൽ സഭ സ്ഥാപിക്കുവാൻ കഴിയുന്നത് അന്നു പത്രൊസ് പ്രസംഗിച്ച അതേ സുവിശേഷം പ്രസംഗിക്കുകയും ആളുകൾ അതു അനുസരിക്കുകയും ചെയ്യുന്നതിലൂടെയാണ്. ആരംഭത്തിൽ ക്രിസ്തു സഭ ആരംഭിച്ചത് അങ്ങനെയാണ്, അങ്ങനെ മാത്രമേ ഇന്നും സഭ ആരംഭിക്കാവു.

### സുവിശേഷ ജീവിതത്താൽ

സഭ സ്ഥാപിക്കുന്നതിൽ യേശുവിന്റെ മൂന്നാമത്തെ പടി സുവിശേഷത്താലുള്ള ജീവിതത്തിനു വിളിക്കുന്നു. സുവിശേഷം അനുസരിച്ച ആളുകൾ ദിവസേന അതിൻ പ്രകാരം ജീവിച്ചു. അങ്ങനെ ക്രിസ്തുവിന്റെ സഭ ജീവൻ തുടിക്കുന്നതായി.

ക്രിസ്ത്യാനികളായിത്തീർന്നവർ “അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു” (പ്രവൃത്തികൾ 2:42). അവർ തുടങ്ങുകയും പെട്ടെന്നു പുറത്തു കടക്കുകയും ചെയ്തില്ല; അവർ ആരംഭിക്കുകയും ദൈവത്തിന്റെ സത്യത്തിൽ തുടരുകയും ചെയ്തു അവർ ദൈവത്തെ നിരന്തരമായി ആരാധിക്കുകയും ആരാധന അവരുടെ ജീവിത്തിന്റെ മാർഗ്ഗമായി തീരുകയും ചെയ്തു. ക്രിസ്ത്യാനിയായിതീരുന്നതു അവർക്കു ഒരു പുതിയ വഴിയിലേക്കു തിരിഞ്ഞു ജീവിതാവസാനം വരെ നടക്കുന്നതു പോലെയായി.

സുവിശേഷജീവിതം അവരിൽ മനസ്സലിവു ജനിപ്പിച്ചു. ലൂക്കൊസ് പറഞ്ഞു, "അവർ തങ്ങളുടെ വസ്തുവകകൾ വിറ്റു കൊണ്ടു വന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടു വരികയും ഓരോരുത്തനു ആവശ്യമുള്ളതുപോലെ പങ്കിടുകയും ചെയ്തു" (പ്രവൃത്തികൾ 2:45). "നിങ്ങൾ ഞങ്ങളെ സഹായിക്കുമോ?" എന്നു അവർ ആരോടും ആവശ്യപ്പെട്ടില്ല; മറിച്ചു അവർ, "ഞങ്ങൾ നിങ്ങളെ സഹായിക്കട്ടെ" എന്നു ഓരോരുത്തരോടും ചോദിക്കുകയായിരുന്നു. അവരുടെ പ്രവൃത്തി മനസ്സലിവുള്ള ക്രിസ്തു അവരിൽ ജീവിക്കുകയും, ആ മനസ്സലിവു അവരുടെ ഉപദേശവും പ്രവൃത്തിയുമായി മാറി.

ആദ്യ ക്രിസ്ത്യാനികൾ ഐക്യത സൂക്ഷിച്ചു കൊണ്ടു സുവിശേഷത്താൽ ജീവിച്ചു. ലൂക്കൊസ് എഴുതി, "വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയമുള്ളവരായി, എല്ലാം അവർ പൊതുവകയായി എണ്ണുകയും ചെയ്തു എന്ന്" (പ്രവൃത്തികൾ 2:44). അവൻ പിന്നീട് ചേർത്തു, "വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായി തീർന്നു" (പ്രവൃത്തികൾ 4:32). അവർ സുവിശേഷം അനുസരിച്ചപ്പോൾ, അവർ ഒരുമനപ്പെട്ട് ദൈവാത്മാവിനാൽ ഒന്നായിത്തീരുകയും ആത്മാവിന്റെ സന്ദേശത്തിൽ അവർ ഐകമത്യപ്പെട്ടു അന്യോന്യം സത്യസന്ധരായി ജീവിക്കുകയും ചെയ്തു.

ആളുകൾ സുവിശേഷം കേട്ടു അനുസരിക്കുവാൻ തയ്യാറുള്ള എവിടെയും ക്രിസ്തുവിന്റെ സഭ ആരംഭിക്കാം, ആളുകൾ അതിൻ പ്രകാരം ജീവിക്കണം. വർഷങ്ങൾക്കു മുൻപു ഞാൻ ഹാർഡിങ്ങ് കോളേജിൽ ചേർന്നപ്പോൾ, ഞാൻ ചിലപ്പോൾ അർക്കൻസാസിലെ സ്പ്രിങ് ഫീൽഡിലേക്കു പോയി പ്രസംഗിക്കാറുണ്ട്. അവിടെ ഉണ്ടായിരുന്ന സഭ വലുപ്പത്തിൽ ചെറുതായിരുന്നെങ്കിലും, ആ കുറവു ആത്മാവിൽ അവർ നികത്തി. ആ സഭ പന്ത്രണ്ടു സ്ത്രീകളുമായി തുടങ്ങി. പുരുഷന്മാരാരും ഇല്ലാതിരുന്നതു കൊണ്ടു, സ്ത്രീകൾ തന്നെ അവരുടെ ഇടവക പ്രവൃത്തികൾ ചെയ്തു വന്നു. എന്റെ മുറിയിൽ കൂടെ ഉണ്ടായിരുന്ന ജെറി എന്നോടു കൂടെ വരുമായിരുന്നു. ഞാൻ പ്രസംഗിക്കുമ്പോൾ, അദ്ദേഹം, പാട്ടു നയിക്കുകയും പ്രാർത്ഥിക്കുകയും, കർത്തൃമേശ വിതരണം ചെയ്യുകയും ചെയ്യും. അല്ലെങ്കിൽ അദേഹം പ്രസംഗിക്കുമ്പോൾ, ഞാൻ മറ്റെല്ലാം ചെയ്യും.

ആ സ്ത്രീകൾ വളരെ ബുദ്ധിമുട്ടിലായിരുന്നു. അവരെ സഹായിക്കുവാൻ ആരും ഉണ്ടായിരുന്നില്ലെങ്കിലും അവർ ക്രിസ്തുവിന്റെ സഭയായിതന്നെ തുടർന്നു. ഉപദേഷ്ടാവില്ലാത്ത ബുധനാഴ്ച്ചകളിൽ അവർ ഒത്തൊരുമിച്ചു കൂടി പാടുകയും, പ്രാർത്ഥിക്കുകയും, ബൈബിൾ പഠിക്കുകയും ചെയ്തു പോന്നു. അവരുടെ സാഹചര്യം അനുകൂലമായിരുന്നില്ലെങ്കിലും അവർ സുവിശേഷപ്രകാരം ജീവിച്ചു പോന്നു.

നിങ്ങൾ എപ്പോഴെങ്കിലും അർക്കൻസാസിലെ സ്പ്രിങ്ഫീൽഡ് സന്ദർശിക്കുവാൻ അവസരം കിട്ടുകയാണെങ്കിൽ അവിടെ ചെന്നാൽ ഇപ്പോഴും ക്രിസ്തുവിന്റെ സഭയായി സേവനം ചെയ്യുന്നതു കാണാം. ആ സഭ പ്രാവർത്തികവും ശക്തവുമാണെന്നു നിങ്ങൾ കണ്ടെത്തും. അതു ഇപ്പോഴും വളരെ വലുതല്ല, എങ്കിലും വിശ്വസ്തവും സ്ഥിരവു

മാണ്. പ്രതിസന്ധി ഘട്ടത്തിലും ആ ക്രിസ്തീയ സ്ത്രീകൾ വിശ്വസ്തരായി സുവിശേഷ പ്രകാരം ജീവിച്ചില്ലായിരുന്നെങ്കിൽ സ്പ്രിങ്ഫീൽഡിൽ ക്രിസ്തുവിന്റെ സഭ ഉണ്ടാകുമായിരുന്നില്ല. ഒരു സമൂഹത്തിൽ ക്രിസ്തുവിന്റെ സഭയ്ക്ക് ഉണ്ടായിരിക്കേണ്ട ജീവിതത്തെ അവർ അറിഞ്ഞിരുന്നു.

യോഗങ്ങളിൽ അനേകം പേർ സ്നാനപ്പെട്ടതായി നാം പലപ്പോഴും കേട്ടിട്ടുണ്ട്. ദൈവാത്മാവിനാൽ അവർ ദൈവരാജ്യത്തിലേക്കു ജനിച്ചു പ്രവേശിക്കുകയും ക്രിസ്തുവിന്റെ സഭയായി അവർ കൂടി വരുവാൻ തുടങ്ങുകയും ചെയ്യുന്നു. ആ സ്ഥലത്തു സഭ സ്ഥാപിക്കപ്പെട്ടുവെങ്കിലും, യോഗം കഴിഞ്ഞ്, യോഗ സംഘാടകരും പോയിക്കഴിഞ്ഞ്, എങ്ങനെയായാലും, പുതിയ ക്രിസ്ത്യാനികൾ നിരാശരായിത്തീരുന്നു. ക്രമേണ ആരാധനക്കു വരുന്നവരുടെ എണ്ണം കുറയുകയും, അവസാനം സഭയായി കൂടി വരുന്നതു നിന്നു പോകയും ചെയ്യുന്നു. സുവിശേഷത്താൽ രക്ഷിക്കപ്പെട്ടവർ ജീവിക്കുന്ന സ്ഥലത്ത് ക്രിസ്തുവിന്റെ സഭയില്ലാത്ത സ്ഥലത്തു സഭ സ്ഥാപിക്കുവാനായി കഴിയും. ഈ നിയമത്തിനു മാറ്റം വന്നിട്ടില്ല. കർത്താവിന്റെ സഭ നമ്മുടെ സമൂഹത്തിൽ ഉണ്ടാകണമെങ്കിൽ, നാം സുവിശേഷം അതനുസരിക്കുകയും അതനുസരിച്ചു ജീവിക്കുകയും വേണം.

## ഉപസംഹാരം

പിന്നെ, എങ്ങനെയാണ് ക്രിസ്തു തന്റെ സഭ സ്ഥാപിച്ചത്? അവൻ അതു ചെയ്തതു സുവിശേഷം പ്രസംഗിക്കുകയും, കേൾക്കുന്നവർ അനുസരിക്കുകയും സുവിശേഷത്താൽ ജീവിക്കുകയും ചെയ്തുകൊണ്ടാണ്. നമുക്കുള്ള പ്രായോഗികത വ്യക്തമാണ്. ഇന്നും സഭ സ്ഥാപിക്കപ്പെടുന്നതു അതേ സുവിശേഷം പ്രസംഗിക്കയും, കേൾക്കുന്നവർ അനുസരിക്കുകയും അതിൻപ്രകാരം ജീവിക്കയും ചെയ്യുമ്പോഴാണ്. അപ്പോൾ പെന്തെക്കൊസ്തു നാളിൽ സ്ഥാപിക്കപ്പെട്ട സഭയുണ്ടാവുകയും ജീവിക്കുകയും ചെയ്യും.

പുതിയ നിയമ സുവിശേഷം അനുസരിക്കുകയും, അതനുസരിച്ചു ദിവസേന ജീവിക്കയും ചെയ്താൽ നിങ്ങൾ ക്രിസ്തുവിന്റെ സഭയായിരിക്കും.

വിവാഹ ശുശ്രൂഷയിൽ പ്രസംഗിച്ച ഉപദേഷ്ടാവിന്റെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം ഒരു ചിന്തയാണ് ഊന്നിയത്. ദൈവത്തിന്റെ പദ്ധതി ഒരു പുരുഷനു ഒരു സ്ത്രീയും ഒരു സ്ത്രീക്കു ഒരു പുരുഷനും ആണെന്നു നിങ്ങൾക്കു അറിയാമല്ലൊ. അതാണ് ദൈവനിശ്ചയം നിങ്ങൾക്കു അതിനെ വളർത്താൻ സാധ്യമല്ല ഏതാണ്ട് ഒരു മണിക്കൂറോളം അയാൾ തന്റെ പോയിന്റ് സമർത്ഥിച്ചു കൊണ്ടിരുന്നു. ശുശ്രൂഷ തീർന്നു വാതിൽക്കൽ ഓരോരുത്തരെ അദ്ദേഹം കണ്ടു, രണ്ടു ഇരട്ടകളെയും കണ്ടു അവർക്കു വിവാഹത്തിനുള്ള അവസരങ്ങൾ കടന്നു പോയിരുന്നു. അവർ പറഞ്ഞു, “പ്രീച്ചർ ഞങ്ങൾ അതിനെ വിപുലമാക്കുന്നില്ല. ഞങ്ങൾ അതിനായി കാത്തിരിക്കയാണ്.”

ക്രിസ്തുവിന്റെ സഭയെ സംബന്ധിച്ചു നിങ്ങളുടെയും താല്പര്യം ഇതാണോ? നിങ്ങൾക്കു അതിനെ വിപുലീകരിക്കുവാൻ സാധ്യമല്ല. നിങ്ങൾക്കു നിങ്ങളെ അറിയുന്നതിനേക്കാൾ കർത്താവിനു നിങ്ങളെ കൂടുതലായി അറിയാം. നിങ്ങളുടെ ആവശ്യങ്ങൾക്കായിട്ടാണ് കർത്താവു തന്റെ സഭയെ രൂപപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ സഭയിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ അതിന്റെ ദൈവിക പൂർണ്ണത നഷ്ടമാകുകയും അതിനു പകരം മനുഷ്യരുടെ അപക്വത വെളിവാക്കുകയും ചെയ്യും.

അവൻ ആയിരിക്കുന്നതുപോലെ ക്രിസ്തുവിനെ സ്വീകരിക്കുകയും അവന്റെ സുവിശേഷം അനുസരിക്കുകയും സുവിശേഷപ്രകാരം ജീവിക്കുകയും ചെയ്തു ക്രിസ്തു പണിത സഭയായിത്തീരുക.